(ബി) ഇവിടെ പുതിയ വാട്ടർടാങ്കും പമ്പ്ഹൗസും സ്ഥാപിച്ച് പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര നഗരത്തിലെ കുടിവെള്ള പ്രശ്നപരിഹാരത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ വാട്ടർ ടാങ്കും പമ്പ് ഹൗസും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പഴയ പമ്പ് സെറ്റ്, വാൽവുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

(സി) മാവേലിക്കര നഗരത്തിലെ കുടിവെള്ള പ്രശ്നപരിഹാരത്തിന് ബഡ്ജറ്റിൽ പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ മാവേലിക്കരയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പഴയ പമ്പ്സെറ്റ്, വാൽവുകൾ ഇവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 39 ലക്ഷം രൂപയുടെ നിർദ്ദേശത്തിന് കേരള വാട്ടർ അതോറിറ്റി ഭരണാനുമതി നൽകിയിട്ടുണ്ട്.

ആറന്മുള നഗരസഭയിലെ കുടിവെള്ളക്ഷാമം

134 (6839) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നഗരസഭയിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നാണ് ആറന്മുള നഗരസഭയിലേക്ക് വെള്ളം പമ്പുചെയ്യുന്നത് ;

(സി) പമ്പിംഗ് സ്റ്റേഷനുകളിലെ എത്ര കിണറുകൾ തകരാറിലാണ് ; തകരാർ പരിഹരിക്കാൻ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറന്മുള നഗരസഭയിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറന്മുള നഗരസഭയിലെ കുടിവെള്ളക്ഷാമത്തിനുകാരണം ഭൂഗർഭജലത്തെ ആശ്രയിച്ചുള്ള കുഴൽകിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് എന്നതാണ്. കാലവർഷക്കം കൊണ്ട് കുഴൽകിണർ തകരാറിലാകുന്നതിനാൽ പുതിയ കിണർ സ്ഥാപിക്കുന്നതുവരെ ടി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നു. കാലവർഷക്കം പെന്ന കിണറുകളിൽ സുനാമിക്കുശേഷം ഗ്രൗണ്ട് വാട്ടർ ലെവൽ താഴുന്നതും ജലലഭ്യതയ്ക്ക് കുറവുവരാൻ കാരണമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൂക്കുകുളം (എൻ), പുടുകാട്, പഴവീട്, ഇ.എസ്.ഐ., വടിയകുളം കോൺവെന്റ് സ്കൂയർ, ആറിശ്ശേരി, വെള്ളക്കിണർ, വഴിപ്പേരി, പന്തനക്കാവ് ജംഗ്ഷൻ, പന്തനക്കാവ് കാർട്ടേഴ്സ്, പഴവങ്ങാടി ജംഗ്ഷൻ, പഴവങ്ങാടി കാർട്ടേഴ്സ്, വടികാട്, പാത്തനാട്, പൂന്തോപ്പ്, കനാൽ വാർഡ്, കൊഞ്ചാടി, കരളകം പാടം, വേടിയാകുളം എന്നീ പന്ത് റൗസുകളിൽ നിന്നുമാണ് ആറന്മുള നഗരസഭയിലേക്ക് പനിംഗ് നടക്കുന്നത്.

(സി) ഇ.എസ്.ഐ., പുടുകാട് ജംഗ്ഷൻ എന്നിവിടങ്ങളിലെ കുഴൽ കിണറുകൾ തകരാറിലാണ്. വരൾച്ച പദ്ധതി 2014 പ്രകാരം രണ്ട് സവലത്തും പുതിയ കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് അനുമതിയായിട്ടുണ്ട്.

കുട്ടനാട് പാക്കേജിലെ പുറംബണ്ട് നിർമ്മാണ പ്രവൃത്തികൾ

135 (6840) ശ്രീ. തോമസ് പാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ കെ.ഇ.എൽ.II സ്കീമിൽപ്പെടുത്തി സി&ഡി ബ്ലോക്കുകളിലെയും റാണി പിത്തിര ബ്ലോക്കിലെയും പുറംബണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് നാളിതുവരെ എന്തുതുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ കാലാവധി 31-12-2014 വരെ ദീർഘിപ്പിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനി എന്തുതുകകൂടി ആവശ്യമായിവരുമെന്നുള്ളതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പുറകെ ചേർക്കുന്നു:

1. റാണി & പിത്തിര - ₹. 19,34,96,909
2. സി & ഡി - ₹ 16,75,78,746

(ബി) ടി പ്രവൃത്തികളുടെ കാലാവധി 31-12-2014 വരെ ദീർഘിപ്പിച്ചു കിട്ടുന്നതിനുവേണ്ടി കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ജലകമ്മീഷന്റെ ഉത്തരവ് ലഭിച്ചിട്ടില്ല.

(സി) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി എഗ്രിമെന്റ് പ്രകാരം റാണി & പിത്തിര ബ്ലോക്കിന് 10,10,19,026 രൂപയും സി & ഡി ബ്ലോക്കിന് 11,06,42,897 രൂപയും ഇനി ആവശ്യമായി വരും.

LIBRARY ARCHIVES Kerala Legislative Assembly